**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1129** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>പുതുക്കാട് മണ്ഡലത്തിലെ നിർമ്മാണപ്രവൃത്തികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉൾപ്പെടെ പ്രയോജനപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതുക്കാട്-മുപ്ലിയം-കോടാലി റോഡ്, പള്ളിക്കുന്ന്-പാലപ്പിള്ളി റോഡ്, നിർദ്ദിഷ്ട മലയോര ഹൈവേ, ചക്കാലക്കടവ് പാലം, നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലം എന്നീ വികസന പ്രവൃത്തികളുടെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>**

<u>പാലങ്ങൾ വിഭാഗം</u>

പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിനു കീഴിലുള്ള ചക്കാലക്കടവ് പാലം നിർമ്മാണത്തിനായി 1210 ലക്ഷം രൂപക്കുള്ള പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിനുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ച് വരുന്നു.

നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലം പ്രവർത്തിക്കായി 727.86 ലക്ഷം രൂപക്കുള്ള പുതിയ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ DSOR നിരക്കിലെ വ്യത്യാസവും സ്ഥലമേറ്റെടുക്കലിന്റെ പുതുക്കിയ തുകയും ഉൾപ്പെടുത്തിയ പുതിയ എസ്റ്റിമേറ്റ് പരിശോധനയിലാണ്.

<u>കെ.ആർ.എഫ്.ബി (പി.എം.യു)</u>

കിഫ്ബി ഫണ്ട് വിനിയോഗിച്ചുകൊണ്ടു കെആർ.എഫ്.ബി -പി.എം.യു മുഖേന നടപ്പാക്കുന്ന പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

1) പുതുക്കാട് - മുപ്ലിയം - കോടാലി റോഡ്

പുതുക്കാട് മുപ്ലിയം കോടാലി റോഡിന് 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. 59.20 കോടി രൂപയ്ക്കു കിഫ്ബിയുടെ സാമ്പത്തിക അനുമതിയും 74.488 കോടി രൂപയ്ക്കു പുതുക്കിയ സാമ്പത്തികാനുമതിയും ലഭിച്ചു. 72.953 കോടി രൂപയുടെ

സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 30.10.2025 തീയതിയിൽ ടെൻഡർ ചെയ്യുകയും ടെൻഡർ നടപടികൾ പൂർത്തീകരിച്ച്, ബാബ് കൺസ്ട്രക്ഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

2) മലയോര ഹൈവേ വിഴങ്ങന്നൂർ മുതൽ വെള്ളിക്കുളങ്ങര വരെയുള്ള റോഡ്

മലയോര ഹൈവേ റോഡിന് 3500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. തുടർന്ന് ഭരണാനുമതി പുനഃസ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്. പുതുക്കാട് ഒല്ലൂർ നിയോജകമണ്ഡലത്തിൽ വരുന്ന മലയോര ഹൈവേയുടെ ഭാഗമായ വിളങ്ങന്നൂർ-വെള്ളിക്കുളങ്ങര റോഡിനു 136.499 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭിച്ചു. റോഡിന്റെ ആകെ നീളം 31.925 കിലോമിറ്റർ ആണ്. ഇതിൽ 9.10 കിലോമീറ്റർ ഒല്ലൂർ നിയമസഭ മണ്ഡലത്തിലൂടെയും, ശേഷിക്കുന്ന 21.9255 കിലോമിറ്റർ പുതുക്കാട് നിയമസഭ മണ്ഡലത്തിലൂടെയും കടന്നുപോകുന്നു.

പുതുക്കാട് മണ്ഡലത്തിലൂടെയുള്ള റോഡ് ഭാഗങ്ങളിൽ ഏകദേശം 14 കിലോമീറ്റർ വനം ഭൂമിയിലൂടെ കടന്നുപോകുന്നതിനാൽ, വനഭൂമി വിനിയോഗത്തിനായി PARIVESH പോർട്ടൽ മുഖേന അപേക്ഷ സമർപ്പിച്ചിട്ടുള്ളതും, പ്രസ്തുത നടപടി വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു.

ഇതിൽ പുതുക്കാട് മണ്ഡലത്തിൽ വരുന്ന 5.50 കിമി. നീളത്തിലുള്ള, ഭൂമി ലഭ്യമായ പുളിഞ്ചോട് ജംഗ്ഷൻ മുതൽ പുളിക്കണ്ണി (Ch 14/514 to ch 20/014) വരെയുള്ള ഭാഗം റോഡിനു 44.522 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകി പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ട്. ഈ പ്രവർത്തി 70-ാമത് ടെൻഡർ അപ്രൂവൽ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

3) പള്ളിക്കുന്ന് - പാലപ്പിള്ളി റോഡ്

പള്ളിക്കുന്ന് - ചിമ്മിനി ഡാം റോഡ് പള്ളിക്കുന്ന് -പാലിപ്പിള്ളി റോഡിന്റെ ഒരു ഭാഗമാണ്. ബാക്കി ഭാഗം മലയോര ഹൈവേയുടെ ഭാഗമായ പുളിഞ്ചോട് ജംഗ്ഷൻ മുതൽ പുളിക്കണ്ണി വരെയുള്ള റോഡിന്റെ ഭാഗമായാണ് വരുന്നത് . പള്ളിക്കുന്ന് - ചിമ്മിനി ഡാം റോഡിന് 20 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. 39.49 കോടി രൂപയ്ക്കു കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭിച്ചു. പള്ളിക്കുന്ന് നിന്നും ആരംഭിച്ച് പാലപ്പിള്ളി വരെ നീളുന്ന പ്രസ്തുത റോഡിനു 6.1 കിലോമീറ്റർ നീളമാണുള്ളത്. നിലവിൽ പദ്ധതിയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾക്കായി 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** പ്രസ്തുത പ്രവൃത്തികൾക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**